# Part - B

## Basic Science (Malayalam Medium)

## Question Numbers 16 to 35

16. ചുവന്ന ലിറ്റ്മസ് പേപ്പറിനെ നീലയാക്കി മാറ്റിയ ദ്രാവകത്തിൽ ഫിനോഫ്തലിൻ ചേർത്താൽ ലഭിക്കുന്ന നിറം ?
(A) പിങ്ക്
(B) നീല
(C) മഞ്ഞ
(D) നിറമില്ല

17. ദഹന വ്യവസ്ഥയും ശ്വസന വ്യവസ്ഥയും രക്തപര്യയന വ്യവസ്ഥയും ഇല്ലാത്ത ജീവി ?
(A) അമീബ
(B) ബാക്ടീരിയ
(C) യൂഗ്ലീന
(D) ഇവയെല്ലാം

18. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട ലോഗോ അല്ലാത്തത് ഏത് ?
(A)
(B)
(C)
(D)

19. ഉച്ഛ്വാസ വായുവിലേയും നിശ്വാസവായുവിലെയും ഘടകങ്ങളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.
(1) ഉച്ഛ്വാസ വായുവിൽ ഓക്സിജന്റെ അളവ് നിശ്വാസ വായുവിനേക്കാൾ കുറവായിരിക്കും.
(2) ഉച്ഛ്വാസ വായുവിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് നിശ്വാസ വായുവിനേക്കാൾ കൂടുതൽ ആയിരിക്കും.
(3) ഉച്ഛ്വാസ വായുവിൽ ഓക്സിജന്റെ അളവ് നിശ്വാസ വായുവിനേക്കാൾ കൂടുതൽ ആയിരിക്കും.
(4) ഉച്ഛ്വാസ വായുവിൽ നൈട്രജന്റെ അളവ് നിശ്വാസ വായുവിനേക്കാൾ കുറവായിരിക്കും.
(5) ഉച്ഛ്വാസ വായുവിൽ ജലബാഷ്പത്തിന്റെ അളവ് നിശ്വാസ വായുവിനേക്കാൾ കുറവായിരിക്കും.
(A) പ്രസ്താവന (1), (2)
(B) പ്രസ്താവന (3), (5)
(C) പ്രസ്താവന (1), (2), (4)
(D) പ്രസ്താവന (3), (4), (5)

20. ഷേവിങ് / മേക്കപ്പ് മിറർ ആയി കോൺകേവ് ദർപ്പണം ഉപയോഗിക്കുമ്പോൾ ദർപ്പണത്തിൽ കാണുന്ന പ്രതിബിംബത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
(A) ചെറുത്, നിവർന്നത്, മിഥ്യ
(B) വലുത്, തലകീഴായത്, യഥാർത്ഥം
(C) വലുത്, തലകീഴായത്, മിഥ്യ
(D) വലുത്, നിവർന്നത്, മിഥ്യ

21. താഴെ കൊടുത്തിരിക്കുന്ന പട്ടിക നിരീക്ഷിക്കുക. പട്ടികയിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളവ ഏതെല്ലാം ?

| സംഭരണ വേരുകൾ | ഭൂകാണ്ഡങ്ങൾ |
|---|---|
| ക്യാരറ്റ് | ചേന |
| ബീറ്റ്റൂട്ട് | ചേമ്പ് |
| ഉരുളക്കിഴങ്ങ് | മഞ്ഞൾ |
| മരിച്ചീനി | മധുരക്കിഴങ്ങ് |

(A) ക്യാരറ്റ്, ചേമ്പ്

(B) മരിച്ചീനി, മഞ്ഞൾ

(C) ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ്

(D) ഉരുളക്കിഴങ്ങ്, മഞ്ഞൾ

22. താഴെക്കൊടുത്തിരിക്കുന്ന ഏതു സന്ദർഭത്തിനാണ് ബർണോളി തത്വത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരണം നൽകാൻ കഴിയുക ?

(A) സിറിഞ്ചിന്റെ പിസ്റ്റൺ പിന്നിലേക്ക് വലിക്കുമ്പോൾ വായു അകത്തേക്ക് പ്രവേശിക്കുന്നു.

(B) ജലത്തിൽ താഴ്ത്തി വെച്ച സ്ട്രോയിലൂടെ ഊതുമ്പോൾ കുമിളകൾ വരുന്നു.

(C) വായു ചൂടാകുമ്പോൾ മുകളിലേക്ക് ഉയരുന്നു.

(D) റൺവേയിലൂടെ വേഗത്തിൽ സഞ്ചരിക്കുന്ന വിമാനം പറന്നുയരുന്നു.

23. ചിത്രത്തിൽ രണ്ടു കാന്തങ്ങൾ (കാന്തം-1, കാന്തം-3) പരസ്പരം വികർഷിച്ചു നിൽക്കുന്നു. ഒന്നാമത്തെ കാന്തം തടിയിൽ ഒട്ടിച്ചു വച്ചിരിക്കുന്നു. ഈ കാന്തങ്ങളുടെ ഇടയിലായി മറ്റൊരു കാന്തം കൂടി (കാന്തം-2) എല്ലാ കാന്തങ്ങളും വികർഷിച്ചു നിൽക്കുന്ന വിധത്തിൽ ക്രമീകരിക്കണം. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ക്രമീകരണം ഏത് ?




(A) കാന്തം-2 ഉത്തരധ്രുവം മുകളിൽ ദക്ഷിണ ധ്രുവം താഴെ

കാന്തം-3 ദക്ഷിണ ധ്രുവം മുകളിൽ, ഉത്തരധ്രുവം താഴെ

(B) കാന്തം-2 ദക്ഷിണ ധ്രുവം മുകളിൽ, ഉത്തര ധ്രുവം താഴെ

കാന്തം-3 : ഉത്തര ധ്രുവം മുകളിൽ, ദക്ഷിണ ധ്രുവം താഴെ

(C) കാന്തം-2 : ഉത്തര ധ്രുവം മുകളിൽ, ദക്ഷിണ ധ്രുവം താഴെ

കാന്തം-3 : ഉത്തര ധ്രുവം മുകളിൽ, ദക്ഷിണ ധ്രുവം താഴെ

(D) കാന്തം-2 : ഉത്തര ധ്രുവം താഴെ, ദക്ഷിണ ധ്രുവം മുകളിൽ

കാന്തം-3 : ഉത്തര ധ്രുവം താഴെ , ദക്ഷിണ ധ്രുവം മുകളിൽ

24. ചുവടെ നൽകിയിരിക്കുന്നവയിൽ ഏത് പ്രതീകമാണ് വൈദ്യുത സർക്കീട്ടിൽ ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണത്തെ സൂചിപ്പിക്കുന്നത് ?

(A) 

(B) 

(C) 

(D) 

25. താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കൂ. പൈപ്പ്-2 ൽ ഘടിപ്പിച്ചിരിക്കുന്ന വാൽവ് തുറന്നാൽ എന്ത് സംഭവിക്കും ?




(A) A യിൽ നിന്ന് B യിലേക്ക് ജലം ഒഴുകില്ല.

(B) രണ്ടിലെയും ജലനിരപ്പ് തുല്യമാവുന്നതു വരെ A യിൽ നിന്ന് B യിലേക്ക് ജലം ഒഴുകും.

(C) A യിലെ ജലം മുഴുവൻ B യിലേക്ക് ഒഴുകും.

(D) വാൽവ് തുറക്കുമ്പോൾ അല്പം ജലം മാത്രം B യിലേക്ക് ഒഴുകും.

26. ഒരു തെർമോമീറ്ററിന്റെ ബൾബിൽ സ്പർശിക്കുമ്പോൾ മെർക്കുറി ഉയരാനുള്ള കാരണം ?

(A) തെർമോമീറ്റർ ബൾബ് ചൂടായി വികസിക്കുന്നതിനാൽ

(B) തെർമോമീറ്റർ ബൾബ് ചുരുങ്ങുന്നതിനാൽ

(C) മെർക്കുറി ചൂടാകുമ്പോൾ വികസിക്കുന്നതിനാൽ

(D) തെർമോമീറ്റർ ബൾബിൽ മർദ്ദം കുറയുന്നതുകൊണ്ട്

27. ചന്ദ്രൻ പ്രകാശിതമാകാൻ കാരണം സൂര്യപ്രകാശമാണല്ലോ. സൂര്യപ്രകാശം ചന്ദ്രനിൽ പതിക്കുന്നതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ് ?

(A) പൗർണമി ദിനത്തിൽ ചന്ദ്രന്റെ എല്ലാ ഭാഗത്തും സൂര്യപ്രകാശം പതിക്കുന്നു.

(B) അമാവാസി ദിനത്തിൽ ചന്ദ്രനിൽ സൂര്യപ്രകാശം പതിക്കുന്നില്ല.

(C) എല്ലായ്പ്പോഴും ചന്ദ്രന്റെ ഒരു പകുതിയിൽ സൂര്യപ്രകാശം പതിക്കുന്നു.

(D) അർദ്ധചന്ദ്രനെ കാണുന്ന ദിവസം മാത്രം ചന്ദ്രനിൽ ഒരു പകുതിയിൽ സൂര്യപ്രകാശം പതിക്കുന്നു.

28. വായിൽ ആഹാരത്തിന് രാസമാറ്റം സംഭവിക്കാൻ കാരണമാകുന്നത് ?

(A) ടയലിൻ

(B) ലാക്ടിക് ആസിഡ്

(C) ഹൈഡ്രോക്ലോറിക് ആസിഡ്

(D) പെപ്സിൻ

29. എൻഡോമോർഫ് എന്ന പദം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?
(A) ഉയരം കൂടിയ ശരീര പ്രകൃതി
(B) ഉയരം കുറഞ്ഞ ശരീര പ്രകൃതി
(C) തടിച്ച ശരീര പ്രകൃതി
(D) മെലിഞ്ഞ ശരീര പ്രകൃതി

30. സംയോജിത ചലനവും താളാത്മകമായ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് തലച്ചോറിലെ ഏത് ഭാഗമാണ് ?
(A) സെറിബെല്ലം
(B) സെറിബ്രം
(C) ഹൈപ്പോതലാമസ്
(D) മെഡുല ഒബ്ലോംഗേറ്റ

31. സ്കൂൾ ജൈവവൈവിധ്യ ഉദ്യാനത്തിലെ ഒരു പേരയിൽ നിന്നും കുട്ടികൾ വിത്ത് മുളപ്പിച്ചും പതിവെച്ചും തൈച്ചെടികൾ ഉൽപ്പാദിപ്പിച്ചു. ഈ തൈച്ചെടികൾ ഒരേ സമയം ഉദ്യാനത്തിൽ നട്ടു. താഴെ പറയുന്ന ഏതെല്ലാം പ്രസ്താവനകൾ ശരിയാണ് ?
(1) രണ്ട് രീതിയിലും ഉൽപ്പാദിപ്പിച്ച പേരകളിൽ കായ് ഉണ്ടാകുന്നതിന് വേണ്ടി വരുന്ന കാലയളവ് തുല്യമായിരിക്കും.
(2) രണ്ട് രീതിയിലും ഉൽപ്പാദിപ്പിച്ച പേരകളിൽ ഉണ്ടാകുന്ന പേരയ്ക്ക മാതൃസസ്യത്തിലെ പേരയ്ക്ക പോലെ തന്നെ ആയിരിക്കും.
(3) രണ്ട് രീതിയിലും ഉൽപ്പാദിപ്പിച്ച പേരകളുടെ ആയുർദൈർഘ്യം ഒരുപോലെ ആയിരിക്കും.
(4) പതിവെയ്ക്കലിലൂടെ ഉൽപ്പാദിപ്പിച്ച പേരമരത്തിന് തായ്‌വേര് ഉണ്ടാകില്ല.
(A) പ്രസ്താവന (1), (2), (3)
(B) പ്രസ്താവന (2) മാത്രം
(C) പ്രസ്താവന (2), (4)
(D) പ്രസ്താവന (4) മാത്രം

32. ചെറുവയൽ രാമൻ എന്ന വ്യക്തി പ്രശസ്തനായത് ഏത് മേഖലയുമായി ബന്ധപ്പെട്ടാണ് ?
(A) കണ്ടൽക്കാടുകളുടെ സംരക്ഷണം
(B) നെൽവിത്തിനങ്ങളുടെ സംരക്ഷണം
(C) കടലാമകളുടെ സംരക്ഷണം
(D) നീർത്തട സംരക്ഷണം

33. രണ്ട് ഗ്ലാസ് പ്രിസങ്ങൾ ചിത്രത്തിൽ കാണുന്നതുപോലെ സജ്ജീകരിച്ചതിനു ശേഷം ധവള പ്രകാശം കടത്തിവിടുന്നു. സ്ക്രീനിൽ ലഭിക്കുന്ന പ്രകാശത്തിന്റെ പ്രത്യേകത എന്തായിരിക്കും ?




(A) സ്ക്രീനിൽ ഏഴ് വർണങ്ങൾ കാണാം
(B) ധവളപ്രകാശം കാണാം
(C) ഒരു വർണവും കാണാൻ കഴിയില്ല
(D) മങ്ങിയ ചുവപ്പ് വർണം കാണാം

34. സ്റ്റേഡിയോമീറ്റർ ഉപയോഗിക്കുന്നത് :
(A) ആളുകളുടെ ഉയരം ശാസ്ത്രീയമായി അളക്കുന്നതിന്
(B) ശരീരഭാരം ശാസ്ത്രീയമായി അളക്കുന്നതിന്
(C) ശ്വസന നിരക്ക് രേഖപ്പെടുത്തുന്നതിന്
(D) ഹൃദയ സ്പന്ദന നിരക്ക് രേഖപ്പെടുത്തുന്നതിന്

35. ശാസ്ത്രീയമായ വളപ്രയോഗം എന്നാൽ ?
(A) ഒരു വളവും ഉപയോഗിക്കാത്തത്
(B) രാസവളങ്ങൾ മാത്രം ഉപയോഗിക്കുന്നത്
(C) രാസവളങ്ങൾ ഉപയോഗിക്കാത്തത്
(D) മണ്ണിന്റെ സ്വാഭാവിക ഘടനയെ സംരക്ഷിച്ചുകൊണ്ടുള്ള വള പ്രയോഗം

- o 0 o -